(ഡി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന അദ്ധ്യാപകർക്കും ആയമാർക്കും നൽകിവരുന്ന വേതനം വർദ്ധിപ്പിച്ച് നൽകാനും മറ്റ് ആനുകൂല്യങ്ങൾ കൊടുക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പതിനൊന്നിന പരിപാടിയനുസരിച്ച് പഞ്ചായത്തുകളിൽ 247 (ഇരുന്നൂറ്റി നാല്പത്തിയേഴ്) ശിശുവിഹാർ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ശിശുവിഹാർ കേന്ദ്രങ്ങളിലെ അദ്ധ്യാപകർക്ക് 700 (എഴുന്നൂറ് രൂപ) രൂപ വീതവും ആയമാർക്ക് 460 രൂപ (നാന്നൂറ്റി അറുപത് രൂപ) വീതവും ഓണറേറിയമായി നൽകി വരുന്നു.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഡി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഹരിപ്പാട് ഗ്രാമപഞ്ചായത്തിലെ ആരാധനാസ്ഥാപനങ്ങൾക്കുള്ള നികുതി

102 (500) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ ക്ഷേത്രങ്ങൾ, പള്ളികൾ, മോസ്ക്കുകൾ എന്നിവ എത്ര എണ്ണം വീതമുണ്ട് ; ഈ ആരാധനാ സ്ഥാപനങ്ങൾക്കും അവയുടെ കോമ്പൗണ്ടിൽ നിൽക്കുന്ന കെട്ടിടങ്ങൾക്കും ഗ്രാമപഞ്ചായത്ത് നികുതി ഈടാക്കുന്നുണ്ടോ ;

(ബി) ഹരിപ്പാട് ബാലസുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ നിന്നും നികുതിയിനത്തിൽ തുക ആവശ്യപ്പെട്ടുകൊണ്ട് ഹരിപ്പാട് ഗ്രാമപഞ്ചായത്ത് ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ടോ ; എങ്കിൽ എന്തു തുകയ്ക്കുള്ള ഡിമാന്റ് നോട്ടീസാണ് കൊടുത്തിട്ടുള്ളത് ;

(സി) ഈ ഗ്രാമപഞ്ചായത്ത് ഭരിക്കുന്നത് ഏത് കക്ഷിയോ ; കക്ഷികളുടെ മുന്നണിയോ ആണ് ?

ഉത്തരം

(എ) ഹരിപ്പാട് ഗ്രാമപഞ്ചായത്ത് അതിർക്കുള്ളിൽ 9 ക്ഷേത്രങ്ങളും 3 പള്ളികളും 2 മോസ്ക്കുകളും ഉണ്ട്. ആരാധനാലയങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല. എന്നാൽ അനുബന്ധ സ്ഥാപനങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.

(ബി) 4874 രൂപയ്ക്കുള്ള ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ട്.

(സി) ഹരിപ്പാട് ഗ്രാമപഞ്ചായത്ത് എൽ.ഡി.എഫ്. മുന്നണിയാണ് ഭരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly